A newspaper for Keralites living away from home

കലാകൗമുദി

മുംബയ്

■ 2010 സെപ്തംബർ 2 വ്യാഴം ■ 1186 ചിങ്ങം 17 ■ വില രൂപ.3.50 പേജ് 10

കരീന തമിലിയുന്നു സെയ്ഫിന് പിണക്കം

സ്ലിം ബ്യൂട്ടിയായ കരീന വണ്ണം സീറോയിൽ നിന്ന് മൈനസ് സീറോയാക്കാൻ ഒരുങ്ങുകയാണ്. കാമുകൻ സെയ്ഫ് അലിഖാന് ഇത് അത്ര പിടിച്ചിട്ടില്ല. പഴയ ശരീരവടിവ് നിലനിർത്തണമെന്നാണ് സെയ്ഫ് ആവശ്യപ്പെടുന്നത്. പേജ് 6

പ്രവാസി വോട്ടവകാശം

തീരുമാനിക്കേണ്ടത് തെരഞ്ഞെടുപ്പ് കമ്മീഷൻ: വയലാർ രവി

കോഴിക്കോട്: പ്രവാസി വോട്ടവകാശ ബിൽ പാർലമെന്റ് അംഗീകരിച്ചതോടെ പ്രവാസി വോട്ടവകാശ പ്രശ്നത്തിന്റെ ഒന്നാംഘട്ടം വിജയകരമായി പൂർത്തിയാക്കിയതായി കേന്ദ്ര പ്രവാസി കാര്യമന്ത്രി വയലാർ രവി പറഞ്ഞു.പ്രവാസി വോട്ടവകാശം സംബന്ധിച്ച് ഇനി തീരുമാനിക്കേണ്ടത് കേന്ദ്ര തെരഞ്ഞടുപ്പ് കമ്മീഷനാണ്.ബിൽ പാർലമെന്റ് പാസാക്കിക്കഴിഞ്ഞു.ഇനി പ്രസിഡന്റ്കൂടി ഒപ്പിട്ടുകഴിഞ്ഞാൽപ്പിന്നെ നിയമമായി മാറും.ഇക്കാര്യങ്ങളിൽ സർക്കാർഇടപെടില്ല.എങ്ങനെ ചെയ്യണം എന്നു തീരുമാനിക്കേണ്ടത് തെരഞ്ഞെടുപ്പു കമ്മീഷന്റെ ചുമതലയാണ്,വയലാർ രവി മാധ്യമപ്രവർത്തകരോടു പറഞ്ഞു.

രാജ്യത്തിനു പുറത്തുള്ള പോസ്റ്റൽ വോട്ടിംഗ് സംവിധാനം ഇന്ന് ജുവാൻമാർക്കു മാത്രമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.പ്രവാസി ഇന്ത്യാക്കാർക്ക് പോസ്റ്റൽ വോട്ടിംഗ് എന്നത് പ്രായോഗികമല്ല.അമേരിക്കൻ മോഡലിൽ എംബസി വഴിയുള്ള വോട്ടിംഗും ഇന്ത്യയിൽപ്രായോഗികമല്ല.സ്ഥാനാർത്ഥികളുടെ എണ്ണക്കൂടുതലാണ് കാരണം.ഓൺലൈൻ വോട്ടിംഗിനേപ്പറ്റി ചർച്ചകൾ നടക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

പി വി സാമി മെമ്മോറിയൽ അവാർഡ് സമ്മാനിച്ചു

കോഴിക്കോട്: സ്വാതന്ത്ര്യ സമര സേനാനിയും വ്യവസായ പ്രമുഖനുമായ പി വി സാമിയുടെ പേരിൽ പി വി സാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആൻഡ് സോഷ്യോകൾച്ചറൽ അവാർഡ് ജ്യോതി ലാബോറട്ടറീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം പി രാമചന്ദ്രന് കേന്ദ്ര പ്രവാസികാര്യ മന്ത്രി വയലാർ രവി സമ്മാനിച്ചു. മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം പി വീരേന്ദ്രകുമാർ അധ്യക്ഷനായിരുന്നു. എം കെ രാഘവൻ എം പി പ്രശസ്തി പത്രം നൽകി.

പി.വി സ്വാമി അവാർഡ് ഉജ്ജാലാ രാമചന്ദ്രന് വയലാർ രവി സമ്മാനിക്കുന്നു എം.പി വീരേന്ദ്രകുമാർ സമീപം

കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷൻ ഏർപ്പെടുത്തിയ ശ്രേഷ്ഠ അവാർഡിന് അർഹനായ കേരളകൗമുദി ചെയർമാനും ചീഫ് എഡിറ്ററും കലാകൗമുദി സ്ഥാപകനുമായ എം. എസ് മണിക്ക് കെ ത്രി എ പ്രസിഡന്റ് പി.റ്റി എബ്രഹാം അവാർഡ് സമ്മാനിക്കുന്നു.

മാദ്ധ്യമശ്രേഷ്ഠ പുരസ്കാരം എം. എസ്. മണിക്ക് സമർപ്പിച്ചു

തിരുവനന്തപുരം: കേരള അഡ്വർടൈസിംഗ് ഏജൻസീസ് അസോസിയേഷന്റെ (കെ ത്രി എ) മാദ്ധ്യമശ്രേഷ്ഠ പുരസ്കാരം ഹൃദ്യമായ ചടങ്ങിൽ 'കേരളകൗമുദി' ചെയർമാനും ചീഫ് എഡിറ്ററുമായ എം.എസ്. മണിക്ക് സമർപ്പിച്ചു. 'കേരളകൗമുദി' ആസ്ഥാനത്ത് നടന്ന ചടങ്ങിൽ പുരസ്കാര സമർപ്പണം നടത്തി. സംഘടനാ പ്രസിഡന്റ് പി.ടി. എബ്രഹാം സമർപ്പണം നിർവഹിച്ചു.പത്രപ്രവർത്തനരംഗത്തെ സ്തുത്യർഹവും കർമ്മനിരതവുമായ പ്രവർത്തനങ്ങൾക്ക് മാദ്ധ്യമശ്രേഷ്ഠ പുരസ്കാരം നൽകാൻ തീരുമാനിച്ചപ്പോൾ എം.എസ്. മണിയുടെ പേര് ഐകകണ്ഠ്യേന അംഗീകരിക്കപ്പെടുകയായിരുന്നുവെന്ന് ആമുഖ പ്രഭാഷണം നടത്തിയ കെ ത്രി എ മുഖ്യരക്ഷാധികാരി ജോസഫ് ചാവറ പറഞ്ഞു.ഈ പുരസ്കാരം എം.എസ്. മണി ഏറ്റുവാങ്ങിയതിലൂടെ കെ ത്രി എ ധന്യമായതായി ആശംസാ പ്രസംഗം നടത്തിയ തിരുവനന്തപുരം – കൊല്ലം സോണൽ പ്രസിഡന്റ് ശാസ്തമംഗലം മോഹൻ പറഞ്ഞു.ചില മാർഗനിർദ്ദേശങ്ങൾ നൽകി എന്നതിനപ്പുറം ഏത് പത്രമുതലാളിയും ചെയ്യുന്നതുപോലെ ചെയ്തുവെന്നല്ലാതെ മറ്റെല്ലാം ചെയ്തത് തന്റെ സഹപ്രവർത്തകരാണെന്നും അതിന് അവരോട് നന്ദി പറയുന്നുവെന്നും എം.എസ്. മണി മറുപടി പ്രസംഗത്തിൽ പറഞ്ഞു.കെ ത്രി എ വൈസ് പ്രസിഡന്റ് ഡോ.ജെ.ബി. മോഹൻ, സോണൽ സെക്രട്ടറി രാജ്കുമാർ, ജോയിന്റ് സെക്രട്ടറിമാരായ സഞ്ജീവ്, സുരേഷ്, സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളായ ജയചന്ദ്രൻ നായർ, മുഹമ്മദ് ഷാ, കോട്ടയം സോൺ പ്രസിഡന്റ് തരകൻ എന്നിവർ പങ്കെടുത്തു.

കാവി പ്രയോഗം: കോൺഗ്രസിന് എന്നെ ഒറ്റപ്പെടുത്താനാവില്ല

വെല്ലുവിളിയുമായി ചിദംബരം

കാവി ഭീകരവാദവുമായി ചേർത്ത് പ്രയോഗിക്കുന്നത് ശരിയല്ല: ദിഗ്വിജയസംങ്

ന്യൂഡൽഹി: തന്നെ ഒറ്റപ്പെടുത്താൻ കോൺഗ്രസിന് കഴിയില്ലായെന്നും കോൺഗ്രസിലെ പല നേതാക്കളും ഇതിനു മുമ്പും കാവി തീവ്രവാദ പ്രയോഗം നടത്തിയിട്ടുണ്ടെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി പി.ചിദംബരം പറഞ്ഞു. കോമൺവെൽത്ത് ഗെയിംസിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താനെത്തിയപ്പോൾ പത്രലേഖകരോട് പറഞ്ഞു.

കാവി തീവ്രവാദത്തിന് പേറ്റന്റ് എടുക്കാൻ തനിക്ക് കഴിയില്ല വലതു പക്ഷ തീവ്രവാദികൾ ചിലബോംബ് സ്ഫോടന കേസിൽ ഉൾപ്പെട്ടതു കൊണ്ടാണ് ആ പ്രയോഗം ഞാൻ നടത്തിയതെന്ന് അദ്ദേഹം പറഞ്ഞു.

ഒക്ടോബർ 3 ന് ആരംഭിക്കുന്ന കോമൺവെൽത്ത് ഗെയിംസിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ കേന്ദ്രമന്ത്രി ചിദംബരത്തിന്റെ നേതൃത്വത്തിലുള്ള സംഘം വിശദ പരിശോധന നടത്തി. 71 രാജ്യങ്ങളിൽ നിന്നുള്ള പരിശീലനം കായികതാരങ്ങളും 5 ലക്ഷം കാണികളുടേയും പങ്കാളിത്തം പ്രതീക്ഷിക്കപ്പെടുന്ന ഗെയിംസിൽ പട്ടാളത്തിന്റെ മേൽനോട്ടത്തിലുള്ള നാലുഘട്ടം സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

സുരക്ഷാ നിബന്ധന അനുസരിച്ച് കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും അതിഥികൾക്കും പ്രത്യേകം ഏർപ്പെടുത്തിയിട്ടുള്ള ബസുകളിൽ മാത്രമേ പ്രധാനവേദിയായ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലും മറ്റും എത്തിച്ചേരാൻ കഴിയൂ.

സംസ്ഥാന മുഖ്യമന്ത്രിമാർ ഒഴികെയുള്ള ഒരു വി.ഐ. പികൾക്കും ഔദ്യോഗിക വാഹനത്തിൽ സ്റ്റേഡിയത്തിനകത്ത് പ്രവേശിക്കാൻ കഴിയില്ല.

150 ഓളം ബസുകൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യം സ്റ്റേഡിയത്തിനു പുറത്ത് ഒരുക്കിയിട്ടുണ്ട്. പരിമുന്ന് വേദികളിലും ശക്തമായ സുരക്ഷാ വലയത്തിലായിരിക്കും. ഗെയിം വില്ലേജിൽ നിന്ന് കായിക താരങ്ങളെ വഹിച്ചുകൊണ്ട് വേദികളിലേക്ക് പോകുന്ന വാഹനങ്ങൾക്ക് ഹെലികോപ്ടറിൽ സഞ്ചരിച്ച് കമാൻഡോകൾ അകമ്പടി സേവിയ്ക്കും. ആകാശത്തുനിന്നുള്ള ആക്രമണങ്ങളിൽ നിന്നുള്ള സുരക്ഷയ്ക്ക് വേണ്ടിയാണിത്. കായിക താരങ്ങളുടെ യാത്രയ്ക്ക് മറ്റുമായി ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾക്കും കർശന പരിശോധനയ്ക്ക് വിധേയമായിരിക്കും.

മെറ്റൽ ഡിറ്റക്ടർ പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എല്ലാ വേദികളും വാഹനങ്ങളും പരിശോധിക്കുകയും ചെയ്യും. പാർലമെന്റിലെ സുരക്ഷാ ക്രമീകരണമാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് സുരക്ഷാ സേനയുടെ നേതൃത്വത്തിൽ ട്രയൽ റണ്ണും നടത്തിക്കഴിഞ്ഞു.

ചിദംബരത്തിനൊപ്പം ആഭ്യന്തര സെക്രട്ടറി ജി.കെ. പിള്ള, ഡൽഹി പൊലീസ് കമ്മിഷണർ ദീപക് വാൽ മറ്റു മുതിർന്ന സുരക്ഷാ കാര്യങ്ങൾ വിലയിരുത്തി.

ഉദ്യോഗസ്ഥർ എന്നിവരും വിവിധ വേദികൾ സന്ദർശിച്ച് സുരക്ഷാ കാര്യങ്ങൾ വിലയിരുത്തി.

അമേത്തി പുനർനാമകരണം

സുപ്രീംകോടതി അനുമതി

ന്യൂഡൽഹി: കോൺഗ്രസ് എം.പി രാഹുൽ ഗാന്ധിയുടെ മണ്ഡലമായ അമേത്തിയെ ഛത്രപതി സഹുജി മഹാരാജ് നഗർ എന്ന് പുനർനാമകരണം ചെയ്യാനുള്ള ഉത്തർപ്രദേശിലെ മായാവതി സർക്കാരിന്റെ നീക്കം സുപ്രീംകോടതി ശരിവച്ചു. അമേത്തിയുടെ പേര് മാറ്റുന്നത് അലഹബാദ് ഹൈക്കോടതിയുടെ ലക്നൗ ബഞ്ച് തടഞ്ഞിരുന്നു. ഇതിനെതിരെ യു.പി സർക്കാർ നൽകിയ ഹർജി പരിഗണിച്ചു കൊണ്ടാണ് സുപ്രീംകോടതി ഉത്തരവ്.

ദളിത് വംശജരുടെ കാണപ്പെട്ട ദൈവമായ ഛത്രപതി സഹുജി മഹാരാജിന്റെ പേര് നൽകി അമേത്തിയെ ഒരു ജില്ലയായി പ്രഖ്യാപിക്കാനാണ് മായാവതി സർക്കാർ തീരുമാനിച്ചത്. അമേത്തിയുടെ പേരുമാറ്റുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജി ആഗസ്റ്റ് 11ന് ഹൈക്കോടതി തള്ളിയത് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റീസുമാരായ ആർ.വി.രവീന്ദ്രൻ, എച്ച്.എൽ.ഗോഖലെ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് മായാവതിയ്ക്ക് അനുകൂലമായ വിധി പുറപ്പെടുവിച്ചത്. കോൺഗ്രസിന്റെയും, നെഹ്റു കുടുംബത്തിന്റെയും ശക്തികേന്ദ്രങ്ങളിൽ ഒന്നാണ് അമേത്തി. രാഹുൽ ഗാന്ധിയാണ് അമേത്തി ലോക്സഭാ മണ്ഡലത്തെ ഇപ്പോൾ പ്രതിനിധീകരിക്കുന്നത്. അമേത്തിയെ പുനർനാമകരണം ചെയ്യാനുള്ള അനുകൂല വിധി സമ്പാദിച്ചതിനെ മായാവതിയുടെ രാഷ്ട്രീയ വിജയമായാണ് നിരീക്ഷകർ കരുതുന്നത്.

മുരളിക്ക് വഴിയൊരുക്കാൻ കരുക്കളുമായി ലീഡർ

കെ. എസ്. ശരത്‌ലാൽ

ന്യൂഡൽഹി: കെ. മുരളീധരനെ കോൺഗ്രസിൽ തിരിച്ചു കൊണ്ടുവരാൻ കരുനീക്കങ്ങളുമായി കോൺഗ്രസ് നേതാവ് കെ. കരുണാകരൻ ഡൽഹിയിൽ എത്തി. കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി, കേരള ചുമതലയുള്ള എ. ഐ. സി. സി ജനറൽ സെക്രട്ടറി മോസിനാകിദാസ്, അഹമ്മദ് പാട്ടേൽ എന്നിവരുമായി ഇന്ന് ചർച്ച നടത്തും. സോണിയാ ഗാന്ധിയെ കോൺഗ്രസ് അദ്ധ്യക്ഷ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യാനാണ് കരുണാകരൻ ഡൽഹിയിൽ എത്തിയതെങ്കിലും മുരളീധരന്റെ കോൺഗ്രസ് പ്രവേശനമാണ് അദ്ദേഹത്തിന്റെ മുഖ്യ അജണ്ട. കെ. പി. സി. സി അദ്ധ്യക്ഷൻ രമേശ് ചെന്നിത്തല ഇന്നലെ കേരള ഹൗസിൽ എത്തി കെ. കരുണാകരനുമായി 30 മിനിറ്റിലേറെ ചർച്ച നടത്തി. കെ. മുരളീധരനെ തിരിച്ചെടുക്കാൻ വൈകുന്നത് സംബന്ധിച്ച് ജനങ്ങളോട് ഉത്തരം പറയേണ്ടി വരുമെന്ന് കരുണാകരൻ വ്യക്തമാക്കിയതിന് തൊട്ടുപിന്നാലെയായിരുന്നു രമേശ് ലീഡറുമായി ചർച്ച നടത്തിയത്. രമേശ് ചെന്നിത്തലയുമായി ലീഡർ ചർച്ച നടത്തികൊണ്ടിരിക്കുന്ന വേളയിൽ തന്നെ പ്രതിരോധമന്ത്രി എ. കെ. ആൻറണിക്ക് കരുണാകരനെ കാണുവാൻ സമയം ചോദിച്ചുകൊണ്ടുള്ള ഫോൺ കോൾ എത്തി. ആൻറണിക്ക് എപ്പോൾ വേണമെങ്കിലും വരാമല്ലോ– എന്നായിരുന്നു സന്ദേശം ലീഡറെ അറിയിച്ച പീതാബരകുറുപ്പ് എം. പിക്ക് കരുണാകരൻ നൽകിയ മറുപടി. പത്തു മിനിറ്റിനകം എ. കെ. ആൻറണി കേരള ഹൗസിൽ എത്തി. ഇരു നേതാക്കളും അടച്ചിട്ട മുറിയിൽ 20 മിനിറ്റിലേറെ ചർച്ച നടത്തി. സൗത്ത് കൊറിയയിലേക്ക് യാത്ര തിരിക്കുന്നതിനാലാണ് താൻ ലീഡറെ വന്നു കണ്ടതെന്നായിരുന്നു ചർച്ചക്ക് ശേഷം എ. കെ ആൻറണി പ്രതികരിച്ചത്. വേറെ രണ്ടു ചോദ്യവും തന്നോട് ചോദിക്കരുതെന്നും അദ്ദേഹം മാധ്യമ പ്രവർത്തകരോട് വ്യക്തമാക്കി.

കേരളത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഒറ്റഘട്ടമായി

തർക്കം തീർന്നു; ഇനി പോർ വിളി

എസ്.എൽ. ശ്യാം

തിരുവനന്തപുരം: സംസ്ഥാനത്തെതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഒറ്റഘട്ടമായി നടത്താൻ തീരുമാനമായി തിരഞ്ഞെടുപ്പ് കമ്മീഷനാണ് ഈ തീരുമാനം അറിയിച്ചത്. തിരെഞ്ഞെടുപ്പ് തീയതി ഒരാഴ്ചക്കകം തീരുമാനിക്കും. കഴിഞ്ഞ ദിവസത്തെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. ഇക്കാര്യത്തിൽ ഏകദേശ ധാരണയായിട്ടുണ്ട്. നവംബർ ഒന്നിന് തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതികൾ അധികാരമേൽക്കേണ്ടതുണ്ട്. ഇതു കണക്കാക്കിയാണ് തിരഞ്ഞെടുപ്പു തിയതിയുടെ കാര്യത്തിൽ ധാരണയായത്. 27ന് തിരഞ്ഞെടുപ്പു നടത്താനുള്ള നിർദ്ദേശത്തിനാണ് മുൻതൂക്കം.

അങ്ങിനെയെങ്കിൽ 28ന് വോട്ടെണ്ണൽ നടത്തി ഫലം പ്രഖ്യാപിക്കാം. തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ പുതിയ ഭരണ സമിതികൾക്ക് അധികാരമേൽക്കുകയും ചെയ്യാം. 23ന്തിരഞ്ഞെടുപ്പു നടന്നാൽ അടുത്ത ദിവസമായ ഞായറാഴ്ചയാവും ഫലപ്രഖ്യാപനം. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ നേരിയ മാറ്റം വരുത്തും.

അടുത്തമാസം തിരഞ്ഞെടുപ്പു നടത്താൻ നേരത്തേ തന്നെ തീരുമാനിച്ചിരുന്നു. എന്നാൽ ചില ജില്ലകളിലെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ ചൊല്ലിയുള്ള തർക്കം നില നിൽക്കുകയാണ്. ഇതിൽ പലതും കോടതിയുടെ പരിഗണനയിലാണ്. തിരുവനന്തപുരം, കോഴിക്കോട് കോർപറേഷനുകൾ, 28 ബ്ളോക്കു പഞ്ചായത്തുകൾ, ഏതാനും ജില്ലാ പഞ്ചായത്തുകൾ തുടങ്ങിയവയിലാണ് തർക്കം.

പ്രശ്നം പരിഹരിച്ച ശേഷം മാത്രമേ ഇവിടെ തിരഞ്ഞെടുപ്പു നടത്താനാകൂ. തർക്കം പരിഹരിക്കുന്നതു സംബന്ധിച്ച് ഡീലിമിറ്റേഷൻ കമ്മിറ്റിയോട് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ വിശദീകരണം തേടിയിട്ടുണ്ട്. രണ്ടു ദിവസങ്ങൾക്കുള്ളിൽ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുമെന്ന് തിരഞ്ഞെടുപ്പു കമ്മീഷൻ വൃത്തങ്ങൾ അറിയിച്ചു.

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഒറ്റഘട്ടമായി നടത്തണമെന്ന് ഹൈക്കോടതി കഴിഞ്ഞ ദിവസം നിർദ്ദേശിച്ചിരുന്നു. നവമ്പർ ഒന്നിന് പുതിയ ഭരണ സമിതി അധികാരമേൽക്കുംവിധം തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കണമെന്നും ഉത്തരവുണ്ടായിരുന്നു.രണ്ടു ഘട്ടമായി തിരഞ്ഞെടുപ്പ് നടത്തുന്നത് പ്രായോഗികമല്ലെന്ന സർക്കാർ നിലപാട് കോടതി അംഗീകരിച്ചു. തിരഞ്ഞെടുപ്പ് രണ്ടു ഘട്ടമായി നടത്തുന്നത് പോളിംഗിനേയും ബാധിക്കുമെന്ന് കോടതി ചൂണ്ടിക്കാട്ടി.

ഒക്ടോബർ ഒന്നിന് നിലവിലുള്ള ഭരണസമിതികളുടെ കാലാവധി അവസാനിക്കും. തുടർന്നുള്ള ഒരുമാസക്കാലയളവിലേക്ക് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താമെന്നും കോടതി വ്യക്തമാക്കി. ആ കാലയളവിൽ ഭരണ സമിതികൾക്ക് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനാവില്ല. എന്നാൽ ദൈനംദിന ഭരണ നടപടികളുമായി മുന്നോട്ടു പോകാൻ തടസമില്ല. നിലവിലുള്ള ഭരണ സമിതികളുടെ കാലാവധി അവസാനിച്ച് ഒരു മാസം മാത്രമേ തിരഞ്ഞെടുപ്പു വരെ ഉണ്ടാകാവൂ. വാർഡ് വിഭജനം സംബന്ധിച്ച് ചില ഹർജികളിലെ ഉത്തരവുകൾ നടപ്പാക്കുന്നതിലുള്ള നടപടിക്രമം പൂർത്തിയാക്കുന്നതിലെ കാലതാമസം മൂലമാണ് സെപ്റ്റംബറിൽ തിരഞ്ഞെടുപ്പ് നടത്താൻ കഴിയാതെ വന്നതെന്നും സർക്കാർ കോടതിയിൽ വാദിച്ചിരുന്നു.

പാഞ്ഞെത്തിയ ദുരന്തം നാല്പേരുടെ ജീവനെടുത്തു

മരിച്ചവരിൽ മൂന്ന് വിദ്യാർത്ഥിനികൾ

തളിപ്പറമ്പ്: പയ്യന്നൂർ–കണ്ണൂർ ദേശീയപാതയിൽ കുപ്പത്ത് സ്വകാര്യബസ് വെയിറ്റിംഗ് ഷെഡ്ഡിലേക്ക് പാഞ്ഞുകയറി മൂന്നു വിദ്യാർത്ഥിനികളുൾപ്പെടെ നാലുപേർ മരിച്ചു. ബസ്സ്റ്റോപ്പിൽ നിർത്തി ആളെയിറക്കുകയായിരുന്ന മറ്റൊരു ബസ്സിൽ ഇടിച്ചുനിയന്ത്രണം വിട്ട് വെയിറ്റിംഗ് ഷെഡ്ഡിലേക്ക് പാഞ്ഞുകയറുകയായിരുന്നു. ഇന്നലെ കാലത്ത് ഒമ്പതുമണിയോടെ കുപ്പം അക്കരെ ബസ്സ്റ്റോപ്പിലാണ് അപകടമുണ്ടായത്.

സീതിസാഹിബ് ഹൈസ്കൂൾ പത്താംക്ളാസ് വിദ്യാർത്ഥിനികളായ യു.എം. റിസ്വാന, കെ.എം. ഖദീജ, ടി.കെ. കുഞ്ഞാമിന എന്നിവരും കോഴിക്കോട് കല്ലായി സ്വദേശി ഖാദറും (50) ആണ് മരിച്ചത്. ബസ് വെയിറ്റിംഗ് ഷെഡിന്റെ തൂണും മേൽക്കൂരയും ഇവരുടെ ദേഹത്തേക്ക് വീഴുകയായിരുന്നു.

പയ്യന്നൂരിൽ നിന്നും കണ്ണൂരിലേക്ക് പോകുകയായിരുന്ന പി.എൻ. ട്രാവൽസാണ് അപകടമുണ്ടാക്കിയത്. ബസ്സിന്റെ അമിതവേഗതയാണ് അപകടകാരണമെന്ന് നാട്ടുകാർ പറഞ്ഞു.

അതേസമയം ബസ്സിന്റെ ബ്രെയ്ക് തകരാറുണ്ടായിരുന്നെന്നും ഡ്രൈവർ ഇത് അവഗണിക്കുകയായിരുന്നെന്നും യാത്രക്കാർ പറയുന്നു. അപകടമുണ്ടായ ഉടൻ ബസ്സിലെ ജീവനക്കാർ ഓടി രക്ഷപ്പെട്ടു.

ക്ഷുഭിതരായ നാട്ടുകാർ ബസ് തല്ലിത്തകർത്തു. സ്ഥലത്തെത്തിയ പൊലീസിനേയും മാധ്യമ പ്രവർത്തകരേയും നാട്ടുകാർ തടഞ്ഞുനിർത്തി. കറച്ചുനേരം കഴിഞ്ഞാണ് സംഭവസ്ലത്തേക്ക് കടത്തിവിട്ടത്.

ശ്രീകൃഷ്ണജയന്തി അവധിയായിരുന്നെങ്കിലും സ്കൂളിലേക്ക് സ്പെഷ്യൽ ക്ളാസിനുപോവുകയായിരുന്നു വിദ്യാർത്ഥിനികൾ.വെയിറ്റിംഗ് ഷെഡ്ഡിൽ കൂടുതൽ വിദ്യാർത്ഥിനികൾ ഉണ്ടായിരുന്നെങ്കിലും അവരെല്ലാം ഓടി രക്ഷപ്പെട്ടു. രക്ഷപ്പെടാൻ കഴിയുന്നതിനുമുമ്പ് തൂണ് ദേഹത്തുവീണാണ് നാലുപേരും മരിച്ചത്.

റിസ്വാൻ, ഖദീജ, കുഞ്ഞാമിന